ഭരണ ഭാഷ-മാതൃഭാഷ

ICDS/B6-3342/2021

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 20/02/2021
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

# പരിപത്രം

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ്-അങ്കണവാടികളുടെ അധിക ചുമതല-അങ്കണവാടി വർക്കർമാർക്ക് അധിക ഹോണറേറിയം അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- 1. കേന്ദ്ര സർക്കാരിന്റെ 13/08/1985 ലെ 19-9/85-സി ഡി1 നം. കത്ത്
2. സ.ഉ(എം.എസ്) നം.30/2011/സാ.ക്ഷേ.വ തീയതി 07/05/2011
3. നോർത്ത് പറവൂർ സി.ഡി.പി.ഒ യുടെ 08/01/2021 ലെ ICDS/NP/A1-743/20 നം. കത്ത്.

അങ്കണവാടി പ്രവർത്തകർ പത്ത് ദിവസമോ അതിലധികമോ തുടർച്ചയായി അവധിയിൽ പ്രവേശിക്കുമ്പോൾ പ്രസ്തുത അങ്കണവാടിയുടെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കുന്നതിനായി, ടി അങ്കണവാടിയുടെ അധിക ചുമതല വഹിക്കുന്ന അങ്കണവാടി വർക്കർ/ഹെൽപ്പർക്ക് പ്രതിമാസം 50/- രൂപ അധിക ഹോണറേറിയം അനുവദിക്കുന്നതിന് സൂചന 2 പ്രകാരം ഉത്തരവായിട്ടുള്ളതും ഇക്കാര്യം 30/05/2011 ലെ ICDS/B4/23342/10 എന്ന ഹ്റത്തെഴുത്ത് കത്ത് പ്രകാരം കീഴ് കാര്യാലയങ്ങളെ അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് വിവിധ കത്തുകൾ ഈ കാര്യാലയത്തിൽ ലഭിച്ചു വരുന്ന സാഹചര്യത്തിൽ ചുവടെ പറയുന്ന പ്രകാരം വിശദീകരണം നൽകുന്നു .

1. അങ്കണവാടി വർക്കർ/ഹെൽപ്പർ പത്ത് ദിവസമോ അതിലധികമോ തുടർച്ചയായി അവധിയിൽ പ്രവേശിക്കുമ്പോൾ പ്രസ്തുത അങ്കണവാടിയുടെ അധിക ചുമതല മറ്റൊരു അങ്കണവാടി പ്രവർത്തകയ്ക്ക് നിയമന അധികാരിയുടെ ഉത്തരവിലൂടെ അനുവദിക്കുന്ന പക്ഷം, അപ്രകാരം അധിക ചുമതല വഹിക്കുന്ന വർക്കർ/ഹെൽപ്പർക്ക് പ്രതിമാസം 50/- രൂപ അധിക ഹോണറേറിയം അനുവദിക്കാവുന്നതാണ്.
2. അധിക ചുമതല അടുത്തുള്ള അങ്കണവാടിയിലെ സ്ഥിരം നിയമനത്തിൽ തുടരുന്ന വർക്കർ/ഹെൽപ്പർക്ക് മാത്രം നൽകേണ്ടതാണ്.

3. അപ്രകാരം അധിക ചുമതല വഹിക്കുന്നവർക്ക് നൽകുന്ന അധിക ഹോണറേറിയം അനുവദിച്ച് നിയമനാധികാരി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് അർഹമായ വേതനം വർക്കർ/ഹെൽപ്പർക്ക് മാറി നൽകാവുന്നതാണ്.

4. ടി അധിക ഹോണറേറിയം തുക , കേന്ദ്രം ഹോണറേറിയം നൽകുന്ന 2235-02-102-47-(P)- 01-5 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കാവുന്നതാണ്

വനിതാ ശിശു വികസന ഡയറക്ടർ

1. എല്ലാ ജില്ലാ വനിതാ ശിശു ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ സി.ഡി.പി.ഒ മാർക്കും